അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ

94 (3653) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നാളിതുവരെ സ്ഥാപിതമായ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആകെ എണ്ണം, ജില്ല തിരിച്ച് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ ആകെ എത്ര അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) അദ്ധ്യാപകർക്ക് മിനിമം യോഗ്യതയും ശമ്പള നിരക്കും നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ; ഇല്ലെങ്കിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കുട്ടികളുടെ ഫീസ് നിരക്ക്, പാഠ്യവിഷയങ്ങൾ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പൊതുമാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇല്ലെങ്കിൽ മാനദണ്ഡം തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി വച്ചിട്ടുണ്ട്*.

(ബി) 2001-2002-ൽ ഈ സ്കൂളുകളിൽ ആകെ 7823 അദ്ധ്യാപകർ സേവനമനുഷ്ഠിച്ചിരുന്നു.

(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് അൺ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയാണ് ടി സ്കൂളുകളിലെ അദ്ധ്യാപകർക്കും ബാധകം. ശമ്പള നിരക്ക് ചുവടെ ചേർക്കുന്നു.

ഹെഡ്മാസ്റ്റർ	-	3000+200 രൂപ
സൂപ്പർ വൈസർ അഡ്വാൻസ്		
എച്ച്.എസ്.എ.	-	3000 രൂപ
പ്രൈമറി അദ്ധ്യാപകർ	-	2500 രൂപ

(ഡി&ഇ) ഉണ്ട്. 30-9-1999-ലെ സർക്കാർ ഉത്തരവ് നമ്പർ. 243/99/പൊ.വി. പ്രകാരം പ്രതിവർഷം കുട്ടികളിൽ നിന്നും പിരിച്ചെടുക്കേണ്ട ഫീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

സ്റ്റാൻഡേർഡ് 1 മുതൽ 7 വരെ	-	1000 രൂപ
സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ	-	1500 രൂപ

സർക്കാർ സ്കൂളുകളിലെ സിലബസ് തന്നെയാണ് അൺ എയ്ഡഡ് സ്കൂളുകളിലും ബാധകമാക്കിയിട്ടുള്ളത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

[21-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 94 (3653) കാണുക]

അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

ജില്ല	പൂർണ്ണം	സമാന്തരം	ആകെ
തിരുവനന്തപുരം	46	3	49
കൊല്ലം	29	3	32
പത്തനംതിട്ട	34	...	34
ആലപ്പുഴ	22	...	22
കോട്ടയം	38	...	38
ഇടുക്കി	10	...	10
എറണാകുളം	56	4	60
തൃശ്ശൂർ	32	1	33
പാലക്കാട്	26	2	28
മലപ്പുറം	19	...	19
കോഴിക്കോട്	4	...	4
വയനാട്	5	...	5
കണ്ണൂർ	15	...	15
കാസർഗോഡ്	18	...	18
			367

LIBRARY ARCHIVES Kerala Legislative Assembly